"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കള്ളിക്കാട് ഗ്രാമപഞ്ചായത്ത് - ഓണാഘോഷത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക സംഭാവന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1927/2022/LSGD തീയതി,തിരുവനന്തപുരം, 10-08-2022

---

പരാമർശം:-
1. കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിരിക്കുന്ന 20.07.2022 ലെ കത്ത്.
2. 04.07.2022 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ഓണംവാരാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്ന പ്രധാന കേന്ദ്രങ്ങളിൽ ഒന്നായ നെയ്യാർഡാമിൽ എത്തിച്ചേരുന്ന സഞ്ചാരികളെ ആകർഷിക്കുന്നതിന് അതിവിപുലമായ ഒരു സാംസ്കാരിക ഘോഷയാത്ര എല്ലാവർഷവും സംഘടിപ്പിക്കാറുണ്ട് ആകർഷകമായ ഫ്ലോട്ടുകളും, നാടൻ കലാരൂപങ്ങളും, താളമേളങ്ങളും കൊണ്ട് മനോഹരമായ ഈ ഘോഷയാത്ര ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും, വ്യക്തികളുടെയും സഹായത്തോടെയാണ് സംഘടിപ്പിക്കുന്നത്. കാട്ടാക്കട,നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കിലെ ഗ്രാമ പഞ്ചായത്തുകളുടെ സഹായം കൊണ്ടാണ് കള്ളിക്കാട് ഗ്രാമപഞ്ചായത്ത് ഘോഷയാത്ര സംഘടിപ്പിച്ചു വരുന്നത്. ആയതിനാൽ ഈ വർഷവും കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 15,000 രൂപയിൽ അധികരിക്കാത്ത തുക സഹായം നൽകാൻ അനുമതി ലഭ്യമാക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് പ്രസിഡൻറ് സമർപ്പിച്ചിരിക്കുന്ന അപേക്ഷ സി കെ ഹരീന്ദ്രൻ എംഎൽഎ ശുപാർശ ചെയ്തു സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 വർഷത്തിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നെയ്യാർഡാമിൽ നടത്തുന്ന ഓണം വാരാഘോഷത്തിന്റെയും സാംസ്കാരിക ഘോഷയാത്രയുടെയും സംഘാടനത്തിന് തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും അവരവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി പരമാവധി 15,000/- രൂപ വരെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ്/സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത്
ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ(പകർപ്പ് പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shemim Khan S H**
**Date: 11-08-2022 11:27:29**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.